# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1150 06.02.2020 ൽ മറുപടിക്ക്**

**കാസർകോട് ജില്ലയിലെ ആറുവരി പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാതയുടെ നിർമ്മാണം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ; | എ) കാസർഗോഡ് ജില്ലയിലെ ആറുവരിപ്പാതയുടെ നിർമ്മാണം ബിഡ്ഡിംഗ് സ്റ്റേജിലാണ് . മിനിസ്ട്രിയുടെ സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാലുടൻ തുടങ്ങുന്നതാണ്. |
| ബി) | ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ കരാർ ഏറ്റെടുത്തത് ആരാണെന്ന് വ്യക്തമാക്കാമോ; | ബി) ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. |
| സി) | കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാതയുടെ നിർമ്മാണത്തിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | സി) കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാതയുടെ നിർമ്മാണത്തിന് തലപ്പാടി മുതൽ (കി.മീ 17/200) ചെങ്ങള (കി മീ 57/200) വരെ 1280.48 കോടി രൂപയുടെയും ചെങ്ങള (കി.മീ 57/200) മുതൽ നീലേശ്വരം (കി മീ 95/650) വരെ 1245.5 കോടി രൂപയുടെയും ചെലവ് വരും. |
| ഡി) | ഈ ചെലവിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിനനുസൃതമായുള്ള തുക ഇരു സർക്കാരുകളും നീക്കി വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ഡി) ഭൂമി ഏറ്റെടുക്കാനുള്ള ചെലവ് മാത്രമാണ് കേന്ദ്രവും സംസ്ഥാനവും 75:25 എന്ന അനുപാതത്തിൽ വഹിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം താഴെ പറയുന്നു. |

| പ്രോജക്റ്റിന്റെ പേര് | (LA) ലാന്റ് അക്വിസിഷൻ ചെലവ് (കോടി) | | |
|---|---|---|---|
| | സംസ്ഥാനം | കേന്ദ്രം | ആകെ |
| തലപ്പാടി മുതൽ ചെങ്ങള വരെ (കി മീ 17/200-57/200) | 170.7725 | 512.3175 | 683.09 |
| ചെങ്ങള മുതൽ നീലേശ്വരം വരെ | 127.38 | 382.14 | 509.52 |

| | | | |
|---|---|---|---|
| (കി മീ 57/200-95/650) | | | |

കേന്ദ്രവിഹിതം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇ) കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാത നിർമ്മാണത്തിന് അക്വയർ ചെയ്യേണ്ട ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിശദാംശം നൽകാമോ; അക്വയർ ചെയ്ത ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഉടമകൾക്ക് നഷ്ടപരിഹാരം നൽകി കഴിഞ്ഞോയെന്നും ഇനി നൽകാൻ ബാക്കിയുണ്ടോ എന്നും വ്യക്തമാക്കാമോ?

ഇ) കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസനത്തിനു വേണ്ടി 94.2018 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുള്ള 3 ഡി നോട്ടിഫിക്കേഷൻ ആയിട്ടുള്ളതാണ്. ഭൂമിക്കും കെട്ടിടങ്ങൾക്കും ചമയങ്ങൾക്കും നഷ്ടപരിഹാരമായി ഇതിനോടകം 561 കോടി രൂപ NHAI അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നും 1641 ഭൂവുടമകൾക്ക് നാളിതുവരെയായി 430 കോടി രൂപ നഷ്ടപരിഹാരമയി അനുവദിച്ചിട്ടുണ്ട്. ഏകദേശം 650 കോടി രൂപ നഷ്ടപരിഹാരമായി ഇനിയും NHAI ൽ നിന്നും ലഭിക്കുവാനും ഭൂവുടമകൾക്ക് വിതരണം ചെയ്യുവാനും ബാക്കിയുണ്ട്.

**സെക്ഷൻ ഓഫീസർ**